**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഹരിത ഊർജ ഉപയോഗം പ്രോത്സാഹിപ്പി ക്കുന്നതിന്റെ ഭാഗമായി സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ, അതത് വകുപ്പുകൾ/ കാര്യാലയങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് സ്ഥാപിച്ചു നല്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതൊക്കെ നിയോജക മണ്ഡലങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കാർബൺ ന്യൂട്രൽ പദ്ധതി പ്രകാരം 3 കോടി രൂപ വകയിരുത്തിയിട്ടുള്ളതിന് ഭരണാനുമതിയ്ക്ക് അക്കൗണ്ട് ഹെഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്ന തിലേയ്ക്കായി DPR, എസ്റ്റിമേറ്റ് എന്നിവ ലഭ്യമായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരപുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം സൗരനിലയങ്ങൾ സ്ഥാപിച്ചതിനെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർക്കുന്നു.<br><br>തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. നഗരപരിധിയിലെ നാനൂറോളം സ്ഥാപനങ്ങ ളിലായി ആകെ 20 MW ശേഷി വരുന്ന സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ